വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മൂവാറ്റുപുഴയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഫണ്ടിന്റേയും സ്ഥലത്തിന്റേയും ലഭ്യത അനുസരിച്ച് എല്ലാ താലൂക്ക് ആസ്ഥാനങ്ങൾക്കും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പരിപാടിയുണ്ട്. മൂവാറ്റുപുഴയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെടാം.

(12) കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം : സർ, യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതുമൂലം കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചത് കണക്കിലെടുത്ത് അവർക്ക് വേതനത്തിൽ വർദ്ധനവ് നൽകണമെന്നും, അതുപോലെ വിദ്യാർത്ഥികളുടെ അനുപാതം കണക്കാക്കി ജീവനക്കാരെ നിശ്ചയിക്കുന്നത് മാറ്റിക്കൊണ്ട് പ്രീ-ഡിഗ്രി ഡീലീങ്ക് ചെയ്യുന്നത് കണക്കിലെടുത്ത് കോഴ്സ്വൈസായി ജീവനക്കാരുടെ എണ്ണം നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാർ ഒരു സമരം നടത്തുന്നുണ്ട്. അവരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വളരെ ബ്യൂട്ടിഫുൾ ആയിട്ടുള്ള പ്രസന്റേഷനാണ്. എനിക്കിഷ്ടപ്പെട്ടു, ഇന്നുമാത്രമല്ല, എല്ലാ ദിവസവും അദ്ദേഹം അങ്ങനെതന്നെയാണ്, സബ്മിഷൻ അവതരിപ്പിക്കുന്നതിൽ നല്ല ഒരു മാതൃകയാണ് ശ്രീ. എളമരം കരീം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കോളേജ് അദ്ധ്യാപകരുടെ ജോലി സമയം രാവിലെ ഒൻപതു മണി മുതൽ വൈകുന്നേരം നാലരവരെ ആക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ അനദ്ധ്യാപകരുടെ പ്രശ്നങ്ങളും പ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

(13) ഖാദി അപ്രൂവ്ഡ് യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾക്ക് നികുതിയും പിഴയും ചുമത്തുന്ന നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളത്തിൽ ഖാദി ബോർഡ് അംഗീകരിച്ച ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ്ടാക്സ് ചുമത്തിയിരുന്നില്ല. നികുതി ഏകീകരണത്തിന്റെ പേരിൽ ഇപ്പോൾ ഖാദി അംഗീകൃത യൂണിറ്റുകൾക്കും സെയിൽസ് ടാക്സ് ചുമത്തിയിരിക്കുകയാണ്. ഈ മേഖലയിലെ ധാരാളം ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടുന്നതിന് ഇത് ഇടയാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ചെരുപ്പുകൾ പ്രോസസ് ചെയ്തു വീണ്ടും നിർമ്മിക്കുന്ന പി.വി.സി. ചെരുപ്പുകൾ ചെരുപ്പ് ഐറ്റത്തിലെ ഏറ്റവും വിലകുറഞ്ഞ താണതരം ചെരുപ്പുകളാണ്. അതുപോലെ കൈകൊണ്ട് നിർമ്മിക്കുന്ന അലക്കുസോപ്പു നിർമ്മാണ യൂണിറ്റുകളും ഉണ്ട്. ഈ ഉൽപന്നങ്ങൾക്ക് നാലു ശതമാനം സെയിൽസ് ടാക്സാണ് ചുമത്തിയിട്ടുള്ളത്. ഖാദി അപ്രൂവ്ഡ് യൂണിറ്റുകൾക്ക് എസ്.എസ്.ഐ. യൂണിറ്റുകൾക്കുള്ള ആനുകൂല്യങ്ങളില്ല. ഇതുവരെ സെയിൽസ്ടാക്സ് ഇളവു മാത്രമാണ് ലഭിച്ചിരുന്നത്. തമിഴ്നാട്ടിലും, കർണ്ണാടകത്തിലും പോണ്ടിച്ചേരിയിലും ഖാദി അപ്രൂവ്ഡ് യൂണിറ്റു

LIBRARY ARCHIVES Kerala Legislative Assembly